(സി) പത്താം പദ്ധതിയുടെ കഴിഞ്ഞ മൂന്ന് വാർഷിക പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം

വർഷം	*നൽകിയ തുക (രൂപ കോടിയിൽ)*
2002-2003	1006.50
2003-2004	1454.94
2004-2005	1168.53

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുകയിൽ നിന്ന് ഓരോ വർഷവും തുക തിരിച്ചുപിടിച്ചിട്ടില്ല. വാർഷിക പദ്ധതികളിൽ വിഹിതം കുറവ് വരുത്തിയതിനനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിലും കുറവുവരുത്തുകയാണ് ചെയ്തിട്ടുള്ളത്. 9-7-2003-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന ഏകദേശം 650 കോടി രൂപ മരവിപ്പിക്കുകയുണ്ടായി. എന്നാൽ അതിൽനിന്നും 335 കോടി രൂപ 2003-2004-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകിയിട്ടുണ്ട്. 2003-2004, 2004-2005 എന്നീ വാർഷിക പദ്ധതികളിൽ മാർച്ച് 31 വരെ ചെലവഴിച്ച തുക കഴിച്ച് ബാക്കിയുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ 2004-2005 വാർഷിക പദ്ധതിയിലെ ചെലവ് 85 ശതമാനമായി കണക്കാക്കി 85 ശതമാനത്തിൽ കുറവ് ചെലവഴിച്ച പഞ്ചായത്തുകൾക്ക് 85 ശതമാനംവരെ തുക ചെലവ് എത്തുന്നതിനുള്ള തുക അധിക പദ്ധതി വിഹിതമായി 2005-2006-ൽ നൽകുന്നതാണ്. (പരമാവധി 2004-2005 വാർഷിക ബഡ്ജറ്റ് തുകയുടെ 25 ശതമാനം തുക)

പഞ്ചായത്ത് ബിൽഡിംഗ് റൂൾ നടപ്പാക്കൽ

32 [1718] *ശ്രീ. ടി. എം. ജേക്കബ്:*

„ *ഷിബു ബേബിജോൺ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നഗരപ്രദേശങ്ങളും ഗ്രാമ പ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബിൽഡിംഗ് റൂൾ നടപ്പിലാക്കാത്തതുകൊണ്ട് കെട്ടിട നിർമ്മാണവും അതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളും യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെയാണ് നടന്നുവരുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഇ) കേരളത്തിലെ നൂറ് കണക്കിന് പഞ്ചായത്തുകളുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും വികസനത്തിന് ഐകരൂപ്യം ഉണ്ടാക്കുവാനും പഞ്ചായത്ത് ബിൽഡിംഗ് റൂൾ നടപ്പിലാക്കേണ്ടത് ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ബിൽഡിംഗ് റൂൾ നടപ്പിലാക്കാത്തതുകൊണ്ട് കെട്ടിടങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള നടപടികൾ എങ്ങനെയാണ് പ്രാബല്യത്തിൽ വരുത്താൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) പഞ്ചായത്ത് ബിൽഡിംഗ് റൂൾ നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗ്രാമ പ്രദേശങ്ങൾക്ക് അനുയോജ്യമായിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് രൂപം നല്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളും പഠനങ്ങളും ആവശ്യമാണ്. ഇത് ഇപ്പോൾ നടന്നുവരികയാണ്. താമസിയാതെതന്നെ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിൽ ടി ചട്ടം ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. എല്ലാ പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിക്കൊണ്ട് കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ആവശ്യമാണ്.

(എഫ്) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ മഴവെള്ള സംഭരണം നടപ്പിലാക്കിവരുന്നുണ്ട്. മറ്റ് പഞ്ചായത്തുകളിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുമ്പോൾ മഴവെള്ള സംഭരണ നടപടികൾ ബാധകമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗ്രാമപ്രദേശങ്ങൾക്ക് അനുയോജ്യമായിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളും പഠനങ്ങളും ആവശ്യമാണ്. ഇത് ഇപ്പോൾ നടന്നുവരുകയാണ്. താമസിയാതെതന്നെ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ

33 [1719] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതിയിൽനിന്ന് ഏതെല്ലാം സ്ഥാപനങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും നികുതിയിളവ് പ്രഖ്യാപിച്ച് എന്തെങ്കിലും ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് കെട്ടിട നികുതി ഒഴിവാക്കികൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 207-ാം വകുപ്പ് ഉപവകുപ്പ് (1) പ്രകാരവും 200-ാം വകുപ്പ് പ്രകാരവും ചുമത്താവുന്ന നികുതിയിലോ ഉപനികുതിയിലോ കരത്തിലോ താഴെപ്പറയുന്ന സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

1. പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും, ഒന്നുകിൽ യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും, അല്ലെങ്കിൽ മറ്റു യാതൊരാവശ്യത്തിനും ഉപയോഗിക്കാത്തതുമായ സ്ഥലങ്ങൾ.

2. താമസിക്കുന്നതിന് യാതൊരു വാടകയും ചുമത്താത്ത സത്രങ്ങളും, ചുമത്തുന്ന വാടക ധാർമ്മിക കാര്യങ്ങൾക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന സത്രങ്ങളും.

3. സർക്കാർ അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, ഉടമസ്ഥതയിലും, ഉപയോഗത്തിലുമുള്ള ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളും അഗതികൾക്കും, മൃഗങ്ങൾക്കും അഭയം നൽകുന്ന ധാർമ്മിക

LIBRARY ARCHIVES Kerala Legislative Assembly